നമ്പർ :ഐസിഡിഎസ് ബി1/15052/21

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 07.02.2022

വനിത ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം : വ.ശി.വി.വ - സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി - തുടർ നടപടികൾ സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന 1: സ.ഉ.(സാധാ) നം.335/2021/സാനീവ. തീയതി : 21/5/21.

2: ഈ കാര്യാലയത്തിലെ 12.10.2021, 08.11.2021, 06.12.2021 തിയ്യതികളിലെ ഇതേ നമ്പർ ഉത്തരവും

3: ഈ കാര്യാലയത്തിലെ 17.01.2022 ലെ ഇതേ നമ്പർ കത്ത്.

അങ്കണവാടികൾ വിഭിന്നശേഷി സൗഹൃദമാക്കുന്ന സ്പെഷ്യൽ അങ്കണവാടി പദ്ധതിയിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുന്നതിനായി 05.02.2022 ന് പ്രോഗ്രാം ഓഫീസർമാരും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാരുമായി വീഡിയോ കോൺഫറൻസ് മുഖാന്തിരം മീറ്റിംഗ് കൂടിയിരുന്നു. പ്രസ്തുത മീറ്റിംഗിൽ, പ്രോഗ്രാം ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം പദ്ധതിയിന്മേലുള്ള പർച്ചേസ് നടപടികളിൽ വർക്ക് ഓർഡർ നല്കിയിട്ടുള്ളതായും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതായും കാണുന്നു . ഈ സാഹചര്യത്തിൽ സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പ് സാമ്പത്തിക വർഷം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. സ്പെഷ്യൽ അങ്കണവാടി പദ്ധതിക്കായി തെരെഞ്ഞെടുത്തിട്ടുള്ള അങ്കണവാടികളുടെ പർച്ചേസ് നടപടികളിൽ വർക്ക് ഓർഡർ നൽകാത്ത അങ്കണവാടികളിൽ അടിയന്തിരമായി വർക്ക് ഓർഡർ നൽകി തുക ചെലവഴിക്കേണ്ടതാണ്.

2. സ്പെഷ്യൽ അങ്കണവാടി പദ്ധതി ഫെബ്രുവരി 15 നകം പൂർത്തീകരിക്കുന്നതിന് 15.01.2022 ന് കൂടിയ റിവ്യൂ മീറ്റിംഗിൽ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ടി അങ്കണവാടികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽമേൽ പണി ആരംഭിച്ചതായി കാണുന്നില്ല . നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തീകരിച്ച് ഫെബ്രുവരി 20 നകം യു.സികൾ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ് .

3. 05.02.2022 ന് കൂടിയ വീഡിയോ കോൺഫറൻസ് മീറ്റിംഗ് അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് 15.02.2022 നകം ഇതിനോടകം നൽകിയിട്ടുള്ള പെർഫോമ പ്രകാരം റിപ്പോർട്ട് ചെയ്യേണ്ടതാണ് .

4. പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ഫണ്ട് സറണ്ടർ ചെയ്യാൻ പാടുള്ളതല്ല .ഫണ്ട് സമയബന്ധിതമായി ചെലവഴിക്കാത്ത cdpo മാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

5. ഈ പദ്ധതി നടത്തിപ്പിന് CDPO മാർക്ക് കൈമാറിയിരിക്കുന്ന തുക CDPO യുടെയും LSG യുടെ സഹകരണത്തോടെയും ചെലവഴിക്കാവുന്നതാണ് .ടി .തുക LSG യ്ക്ക് കൈമാറുവാൻ നിർവ്വാഹമില്ലാത്തതാണ് .

വിശ്വസ്തതയോടെ,

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**